കൂട്ടുകൃഷി സഹകരണ സംഘത്തിന്റെ കൈവശമുള്ള 166 ഏക്കർ റവന്യൂ ഭൂമിയിൽ 50 കുടുംബങ്ങൾ 26-11-2003-ന് കയ്യേറ്റം നടത്തി കുടിൽകെട്ടി താമസിച്ചുവരുന്നതായി അറിയുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) സംസ്ഥാനത്തെ എല്ലാ ഭൂരഹിത ആദിവാസികൾക്കും ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും നിശ്ചിത തീയതിക്കകം ഭൂമി നല്കാമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

(ഇ) സമരത്തിന്റെ ഭാഗമായി പട്ടിണിയും രോഗങ്ങളും ആദിവാസികൾക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൺസൂൺ കാലത്ത് പട്ടികവർഗ്ഗക്കാർക്ക് അനുഭവിക്കേണ്ടിവരുന്ന പട്ടിണി ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിലെല്ലാം അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

(എഫ്) സമരം നടത്തുന്ന സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

വിദ്യുച്ഛക്തി വകുപ്പിന്റെ നവീകരണം

*29 [59] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് വിഭജിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന വിദ്യുച്ഛക്തി വകുപ്പിന്റെ നവീകരണത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ ആന്റ് ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി, സംസ്ഥാന വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

†അനുബന്ധം IV, IV A.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) കൺസൾട്ടന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും നവീകരണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്.

പമ്പാനദിയെ മാലിന്യവിമുക്തമാക്കുന്നതിന്. പദ്ധതി

*30 [80] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും ഏതെങ്കിലും നദി തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ പമ്പയിലെ മാലിന്യത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പമ്പാ നദിയെ മാലിന്യവിമുക്തമാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതി ഏതു ഘട്ടം വരെയായി എന്നു വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഒരു വലിയ വിഭാഗം ജനങ്ങളുടെ ജീവൽപ്രശ്നമായ പമ്പയുടെ പുനരുജ്ജീവനം സമയബന്ധിതമായി നടപ്പിലാക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും പമ്പാ നദിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പമ്പാ നദിയിലെ മാലിന്യത്തെക്കുറിച്ചും അവ വിമുക്തമാക്കുന്നതിനെക്കുറിച്ചും പഠനം നടത്തി "പമ്പാ ആക്ഷൻ പ്ലാൻ" എന്ന സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാ. ി കേന്ദ്ര പരിസ്ഥിതി-വനം വകുപ്പ് മന്ത്രാലയത്തിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന

LIBRARY ARCHIVES Kerala Legislative Assembly